**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 319** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുണ്ടാകുന്ന മരണങ്ങൾ കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഇടിമിന്നലുകളുടെ ആവർത്തിയിലും പ്രഹരശേഷിയിലും കുറവ് വന്നതായി കാണുന്നില്ല. കൃഷി നാശം, കെട്ടിടങ്ങൾക്കും മറ്റ് നിർമിതികൾക്കും സംഭവിക്കുന്ന നാശനഷ്ടങ്ങൾ, ഗാർഹികോപകരണങ്ങളുടെ നഷ്ടം, ആശയ വിനിമയ വൈദ്യുതി ശൃഖലയ്ക്ക് നേരിടുന്ന നഷ്ടങ്ങൾ തുടങ്ങിയവ വളരെ ഗൗരവകരമാണ്.** |
| (ബി) | ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ; | (ബി) | 2015 -ൽ സംസ്ഥാന സർക്കാർ ഇടിമിന്നലിനെ ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയുണ്ടായി.<br><br>ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗനിർദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന ഇടിമിന്നൽ ദുരന്ത ലഘൂകരണ പ്രവർത്തന മാർഗരേഖ (Lightning Action Plan) തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ഓരോ ജനവിഭാഗങ്ങളെയും കേന്ദ്രീകരിച്ച് കൊണ്ട് ദുരന്ത നിവാരണ അതോറിറ്റി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ സഹായത്തോടെ ഇടിമിന്നൽ മുന്നറിയിപ്പുകളും സുരക്ഷാ മുൻകരുതലുകളും സ്ഥിരമായി നൽകി വരുന്നു. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ കോമ്മൺ അലെർട് പ്രോട്ടോകോൾ ഉപയോഗപ്പെടുത്തി കാലാവസ്ഥ വകുപ്പ് പുറപ്പെടുവിക്കുന്ന ജില്ലാടിസ്ഥാനത്തിലുള്ള നൗകാസ്റ്റ് (അടുത്ത 3 മണിക്കൂർ നേരത്തേക്കുള്ള അന്തരീക്ഷാവസ്ഥ പ്രവചനം) പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | sms വഴി ലഭ്യമാക്കി വരുന്നു. കൂടാതെ, വിവിധ ശ്രേണിയിലുള്ള ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും സംഘടനകൾക്കും പരിശീലന പരിപാടികൾ നൽകി വരുന്നു. |
| (സി) | ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ പ്രതിരോധിക്കുന്നതിനായി സ്വീകരിക്കേണ്ട സുരക്ഷാ നിർദേശങ്ങൾ സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2015 -ൽ സംസ്ഥാന സർക്കാർ ഇടിമിന്നലിനെ ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയുണ്ടായി.<br><br>ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗനിർദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന ഇടിമിന്നൽ ദുരന്ത ലഘൂകരണ പ്രവർത്തന മാർഗരേഖ (Lightning Action Plan) തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ഓരോ ജനവിഭാഗങ്ങളെയും കേന്ദ്രീകരിച്ച് കൊണ്ട് ദുരന്ത നിവാരണ അതോറിറ്റി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ സഹായത്തോടെ ഇടിമിന്നൽ മുന്നറിയിപ്പുകളും സുരക്ഷാ മുൻകരുതലുകളും സ്ഥിരമായി നൽകി വരുന്നു. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ കോമ്മൺ അലെർട് പ്രോട്ടോകോൾ ഉപയോഗപ്പെടുത്തി കാലാവസ്ഥ വകുപ്പ് പുറപ്പെടുവിക്കുന്ന ജില്ലാടിസ്ഥാനത്തിലുള്ള നൗകാസ്റ്റ് (അടുത്ത 3 മണിക്കൂർ നേരത്തേക്കുള്ള അന്തരീക്ഷാവസ്ഥ പ്രവചനം) പൊതുജനങ്ങൾക്ക് sms വഴി ലഭ്യമാക്കി വരുന്നു. കൂടാതെ, വിവിധ ശ്രേണിയിലുള്ള ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും സംഘടനകൾക്കും പരിശീലന പരിപാടികൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ